# അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുക

കബീർ എം. പറളി

പടച്ചതമ്പുരാനെ അംഗീകരിച്ചും അവന്റ വിധിവിലക്കുകൾ പാലിച്ചും ജീവിക്കുന്നവരാണ് ദുനിയാവിലെ നല്ലവർ. യഥാവിധി ആരാധനകൾ ചെയ്തു കൊണ്ടും ജീവിത വ്യവഹാര ങ്ങളിൽ കഴിയുന്നത്ര സൂക്ഷ്മത പാലിച്ചു കൊണ്ടും പ്രവാചകാധ്യാപനങ്ങളെ കർമ്മ വീഥിയിൽ സ്വീകരിച്ചു കൊണ്ടും അല്ലാഹുവിന്റെ പ്രീതി നേടാനാഗ്രഹിക്കുന്നവനാണ് ശരിയായ മുഅ്മിൻ. എല്ലാം അല്ലാഹുവിലേൽപ്പിക്കുന്നവനാണവൻ. പ്രാർഥിക്കുന്നതും സഹായം തേടുന്നതും അവനോടുതന്നെ. പാപകർമ്മങ്ങൾക്ക് മാപ്പു ചോദിക്കുന്നതും അവനോട് മാത്രം. വിശ്വാസികൾ ഏതു സമയവും അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങാൻ സന്നദ്ധരാകണം.

ഖേദം പശ്ചാത്താപമാണ്. പശ്ചാത്താപ മനസ്ഥിതി ഏതൊരു വിശ്വാസിയേയും അല്ലാഹു വിലേക്ക് ആശ്രയം തേടിയണയാൻ പ്രേരിപ്പിക്കും. മുഅ്മിനിൽ ദർശിക്കാനാകുന്ന ഈ ഉന്നതമായ മാനസിക നിലയെ അറബിയിൽ ഇനാബത്ത് എന്ന് വിളിക്കും, അഥവാ ഖേദിച്ചു മടക്കം. സകലതും ഏറ്റുപറഞ്ഞ് അല്ലാഹുവിനെ സമീപിക്കുമ്പോഴുണ്ടാകുന്ന ഹൃദയാന ന്ദവും ആശ്രയബോധവും പറഞ്ഞറിയിക്കാനാകാത്തതാണ്.

ഖേദിച്ചു മടക്കം ഉൽകൃഷ്ടമായ ആരാധനയാണ്. പ്രവാചകന്മാരുടെ ജീവിതത്തിലൊക്കെ ഈ മഹിത ഗുണം നിറഞ്ഞുനിന്നതായി നമുക്ക്  കാണാനാകും. പ്രവാചകൻമാരുടെ ചരിത്രം വിശദീക രിക്കുമ്പോൾ അക്കാര്യം അല്ലാഹു വളരെ പ്രാധാന്യപൂർവമാണ് വ്യക്തമാ ക്കിയിട്ടുള്ളത്.

ദാവൂദ് നബി(അ)യെപ്പറ്റി: ''ദാവൂദ് വിചാരിച്ചു; നാം അദ്ദേഹത്തെ പരീക്ഷിക്കുക തന്നെയാണ് ചെയ്തതെന്ന്. തുടർന്ന് അദ്ദേഹം തന്റെ രക്ഷിതാവിനോട് പാപമോചനം തേടുകയും അദ്ദേഹം കുമ്പിട്ടു കൊണ്ട് വീഴുകയും ഖേദിച്ചു മടങ്ങുകയും ചെയ്തു.'' (സ്വാദ്: 24)

സുലൈമാൻ നബി(അ)യെപ്പറ്റി: ''സുലൈമാനെ നാം പരീക്ഷിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സിംഹാസനത്തിൻമേൽ നാം ഒരു ജഡത്തെ ഇടുകയും ചെയ്തു. പിന്നീട് അദ്ദേഹം താഴ്മയുള്ള വനായി മടങ്ങുകയുണ്ടായി.'' (സ്വാദ്: 34)

ശുഐബ് നബി(അ)യുടെ പ്രസ്താവന കാണുക: ''എനിക്ക് സാധ്യമായത്ര നൻമവരുത്താനല്ലാതെ മറ്റൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹു മുഖേന മാത്രമാണ് എനിക്ക് (അതിന്) അനുഗ്രഹം ലഭിക്കുന്നത്. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു.'' (ഹൂദ്: 88)

മുഹമ്മദ് നബി(സ്വ)യുടെ പ്രസ്താവന: ''അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങു കയും ചെയ്യുന്നു.'' (ശൂറ: 10)

ഏതൊരുകാര്യത്തിലും പടച്ചവനിൽ ആശ്രയം കാണാൻ അതീവ ജാഗ്രതകാണിച്ച ഖലീലുല്ലാഹി ഇബ്റാഹീം നബി(അ)യെ പുകഴ്ത്തിക്കൊണ്ട് അല്ലാഹു പറഞ്ഞു: ''തീർച്ചയായും ഇബ്രാഹീം സഹനശീലനും, ഏറെ അനുകമ്പയുള്ളവനും പശ്ചാത്താപമുള്ളവനും തന്നെ യാണ്.'' (ഹൂദ്: 75)

ഇബ്റാഹീം നബി(അ)യുടെ ഒരു പ്രാർഥനാ വചനം കൂടി വായിച്ചാൽ അല്ലാഹുവിന്റെ പ്രശംസ നമുക്ക് കൂടുതൽ ബോധ്യമാകും.

''ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിങ്കലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്ക് തന്നെയാണ് തിരിച്ചുവരവ്.'' (മുംതഹിന: 4)

പ്രവാചകൻമാരുടെ ജീവിതത്തിലെ ഇനാബത്ത് മനസ്ഥിതിയാണ് നാം മുകളിൽ വായിച്ച ആയത്തുകളിൽ നിന്നും മനസ്സിലാക്കിയത്. അതു കൊണ്ടുതന്നെ നാമോരോരുത്തരുടേയും ജീവിത ത്തിലും ഈ ഉൽകൃഷ്ടമായ ഗുണത്തെ സജീവമാക്കി നിലനിർത്തണം. ദുനിയാവിൽ നമുക്ക് സ്വീകരിക്കാനും സഹവസിക്കാനും അനുയോജ്യരായ ജനവിഭാഗം അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുന്നവരാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

മഹാനായ ലുഖ്മാനുൽ ഹകീം(അ) തന്റെ മകനു നൽകുന്ന ഉപദേശങ്ങളിലൊന്ന് കാണുക: ''എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക. പിന്നെ എന്റെ അടുത്തേക്കാ കുന്നു നിങ്ങളുടെ മടക്കം.'' (ലുഖ്മാൻ: 15)

പടച്ചതമ്പുരാനിലേക്ക് ഖേദിച്ചു മടങ്ങുന്നത് മുഖേന ജീവിതത്തിൽ സന്തോഷവും സന്മാർഗ വുമാണ് കൈവരുന്നത്. അല്ലാഹു പറഞ്ഞു:

''(നബിയേ,) പറയുക: തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ വഴികേടിലാക്കുന്നു. പശ്ചാത്തപിച്ച് മടങ്ങിയവരെ തന്റെ മാർഗത്തിലേക്ക് അവൻ നയിക്കുകയും ചെയ്യുന്നു.'' (റഅദ്: 27)

സ്വർഗം കൊണ്ട് സന്തോഷവർത്തമാനമറിയിക്കപ്പെട്ടവർ റബ്ബിലേക്ക് പശ്ചാത്തപിച്ചു ചെല്ലുന്നവ രാണെന്ന് വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാക്കാനാകും. അല്ലാഹു പറഞ്ഞു:

''ദുർമൂർത്തിയെ -അതിനെ ആരാധിക്കുന്നത്- വർജ്ജിക്കുകയും, അല്ലാഹുവിലേക്ക് വിനയ ത്തോടെ മടങ്ങുകയും ചെയ്തവരാരോ അവർക്കാണ് സന്തോഷവാർത്ത. അതിനാൽ എന്റെ ദാസൻമാർക്ക് നീ സന്തോഷവാർത്ത അറിയിക്കുക.'' (സുമർ: 17)

സത്യമാർഗത്തിലേക്ക് നടന്നെത്താനുള്ള വെളിച്ചമായി ദുനിയാവിൽ ധാരാളം ദൃഷ്ടാന്തങ്ങളും ഗുണപാഠങ്ങളും പരന്നു കിടപ്പുണ്ട്. ആർക്കാണ് അത്തരം ദൃഷ്ടാന്തങ്ങളേയും ഗുണപാഠങ്ങളേയും തുറന്ന മനസ്സോടെ ഉൾക്കൊള്ളാനാവുക? അല്ലാഹു പറയുന്നത് കാണുക:

''ഖേദപൂർവം (സത്യത്തിലേക്ക്) മടങ്ങുന്ന ഏതൊരു ദാസന്നും കണ്ടുമനസ്സിലാക്കുവാനും അനു സ്മരിക്കുവാനും വേണ്ടിയത്രെ (അവ).'' (ഖാഫ്: 8)

ദൈവിക ദൃഷ്ടാന്തങ്ങളെ സ്മരിക്കാനും വന്നുകിട്ടുന്ന അനുഗ്രഹങ്ങളുടെ സ്രോതസ്സിനെപ്പറ്റി ചിന്തിക്കാനും പശ്ചാത്താപ മനസ്ഥിതി കാത്തുസൂക്ഷിക്കുന്ന ആളുകൾക്കേ സാധിക്കുകയുള്ളൂ. ഖുർആൻ വ്യക്തമാക്കിയതാണ് അക്കാര്യം.

''അവനാണ് നിങ്ങൾക്ക് തന്റെ ദൃഷ്ടാന്തങ്ങൾ കാണിച്ചുതരുന്നത്. ആകാശത്ത് നിന്ന് അവൻ നിങ്ങൾക്ക് ഉപജീവനം ഇറക്കിത്തരികയും ചെയ്യുന്നു. (അവങ്കലേക്ക്) മടങ്ങുന്നവർ മാത്രമേ ആലോചിച്ച് ഗ്രഹിക്കുകയുള്ളൂ.'' (ഗാഫിർ: 13)

അവിവേകങ്ങളും, അല്ലാഹുവിന്റെ വിധിവിലക്കുകളോട് നിഷേധനിലപാടുകളും ജീവിതത്തിൽ സ്വീകരിച്ചു പോരുന്ന ആളുകൾക്ക് ദൈവികശിക്ഷ നിർബന്ധമാണ്. എന്നാൽ, വന്നുഭവിച്ച അബദ്ധ ങ്ങളും പാപങ്ങളും തിരിച്ചറിയുന്ന മാത്രയിൽ പടച്ചവനിലേക്ക് ഖേദിച്ച് കയ്യുയർത്താനായാൽ അവന്റെ അസഹ്യമായ ശിക്ഷകളിൽ നിന്ന് ആർക്കും രക്ഷപ്രാപിക്കാനാകും. അതുകൊണ്ടാണ് അല്ലാഹു നമ്മളെ ഇങ്ങനെ ഉപദേശിച്ചത്:

''നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മ യോടെ മടങ്ങുകയും, അവന്നു കീഴ്പെടുകയും ചെയ്യുവിൻ. പിന്നെ (അത് വന്നതിന് ശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല.'' (സുമർ: 54)

സ്വർഗത്തിൽ അല്ലാഹുവിന്റെ സൽകാരത്തിന് വിധേയരാകുന്നവരാണ് പശ്ചാത്തപിക്കുന്നവർ. അഥവാ അവനിലേക്ക് ഖേദിച്ചു മടങ്ങിച്ചെല്ലുന്ന ഏതൊരു വിശ്വാസിയേയും കാരുണ്യാധിരേ കത്താൽ അവൻ പരിഗണിക്കുമെന്നർഥം. അല്ലാഹുവിന്റെ വാഗ്ദാനം വായിക്കുക:

''സൂക്ഷ്മത പാലിക്കുന്നവർക്ക് അകലെയല്ലാത്ത വിധത്തിൽ സ്വർഗം അടുത്തു കൊണ്ടു വരപ്പെടു ന്നതാണ്. (അവരോട് പറയപ്പെടും:) അല്ലാഹുവിങ്കലേക്ക് ഏറ്റവും അധികം മടങ്ങുന്നവനും, (ജീവിതം) കാത്തുസൂക്ഷിക്കുന്നവനും ആയ ഏതൊരാൾക്കും നൽകാമെന്ന് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതാകുന്നു ഇത്.'' (ഖാഫ്: 31, 32)

നമ്മെ പടച്ചു പരിപാലിക്കുന്ന കാരുണ്യവാനായ അല്ലാഹുവിലേക്ക് ഏതു സമയത്തും ആശ്രയേച്ഛയോടെ ഖേദിച്ചു മടങ്ങാൻ പ്രേരിപ്പിക്കുന്ന വചനങ്ങളാണ് നാമിതുവരേയും മനസ്സിലാക്കിപ്പോന്നത്. റബ്ബിന്റെ ഉപദേശങ്ങളെ ഹൃദയപർവം സ്വീകരിക്കാൻ എന്നും തയ്യാറുള്ള ദാസന്മാർ എന്ന നിലക്ക് ഈ വചനങ്ങളെ മുഴുവൻ നമ്മുടെ ശ്രദ്ധയിലും ജീവിതത്തിലും കൊണ്ടുവരാൻ തയ്യാറാകണം. അല്ലാഹു നമ്മോടായി പറഞ്ഞു:

(നിങ്ങൾ) അവങ്കലേക്ക് മടങ്ങിയവരായിരിക്കുകയും, അവനെ സൂക്ഷിക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്. (റൂം: 31)